# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6801** **04.04.2018-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികളുടെ വീടുകൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| --- | --- |
| എ) മത്സ്യബന്ധനത്തിനെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലപ്പഴക്കത്താൽ തകർന്ന ഓല ഷെഡുകൾക്ക് പകരം പുതിയ വീട് നിർമ്മിക്കുന്നതിന് തീരദേശസംരക്ഷണ നിയമ പ്രകാരം അനുമതി ലഭ്യമാക്കാനാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | എ) ഉണ്ട്. സംസ്ഥാനത്ത് തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ വീടുകൾ നിർമ്മിക്കുന്നതിന് സി.ആർ.ഇസഡ് ക്ലിയറൻസ് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് അപേക്ഷകൾ നൽകേണ്ടത്. പരിസ്ഥിതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (സി.ഇസഡ്.എം.എ) ആണ് സി.ആർ.ഇസഡ് ക്ലിയറൻസ് നൽകുന്നത്. |
| ബി) ഇങ്ങനെ അനുമതി ലഭിക്കാതെതന്നെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ നിർമ്മിച്ച ചെറിയ കോൺക്രീറ്റ്, ഓട് വീടുകൾക്ക് തദ്ദേശശ്വയംഭരണ സ്ഥാപനങ്ങൾ അനധികൃത കെട്ടിടങ്ങളായി കണക്കാക്കി നമ്പറിടുകയും സാധാരണ നികുതിയിലും മൂന്നിരട്ടി വരുന്ന തുക നികുതി ചുമത്തുകയും ചെയ്യുന്നത് ഒഴിവാക്കുന്ന കാര്യത്തിൽ ഫിഷറീസ് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | ബി) കെട്ടിടങ്ങൾക്ക് നമ്പറിടുകയും നികുതി ചുമത്തുകയും ചെയ്യുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. ഇത്തരത്തിലുള്ള നികുതി ഒഴിവാക്കുന്ന കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്. |

സെക്ഷൻ ആഫീസർ